**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **30-09-2025 - ൽ മറുപടിയ്ക്ക്**

**വെള്ളറട പഞ്ചായത്തിലെ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥല വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ (വെള്ളറട വില്ലേജിൽ) സർവ്വേ നമ്പർ 673/1-ൽ ഒരേക്കർ 97 സെന്റ് സ്ഥലം പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്. |
| (ബി) | നിലവിൽ കാടുകയറി അന്യാധീനപ്പെട്ടുകിടക്കുന്ന പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | തിരുവനന്തപുരം റൂറൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് ആവശ്യമുള്ള തിനാൽ ടി സ്ഥലത്തെ പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ച് മാറ്റി പുതിയ ഫാമിലി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | നെയ്യാർഡാം പോലീസ് സ്റ്റേഷൻ കെട്ടിടം കാലഹരണപ്പെട്ടതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുകയുമാണെന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാർഡാം പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റസ്റ്റ് റൂമുകൾ പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി KPHCC-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നത് വാടക കെട്ടിടത്തിൽ അല്ല. |

സെക്ഷൻ ഓഫീസർ